**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3447 — 22-08-2017 ൽ മറുപടിയ്ക്ക്

**അരൂർ ഫയർസ്റ്റേഷന് കെട്ടിടം**

| ചോദ്യം<br>**ശ്രീ. എ. എം. ആരിഫ്** | മറുപടി<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| എ) 2016-17വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അരൂർ ഫയർ .സ്റ്റേഷന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br><br>ബി) നിർദ്ദിഷ്ട ഫയർസ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് തയ്യാറാക്കി വരുന്ന വിശദമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കുമോ എന്ന് വിശദമാക്കാമോ? | **(എ)&(ബി)**<br>അരൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി വകുപ്പിന് കൈമാറി ലഭിച്ച സ്ഥലം വകുപ്പ് ഏറ്റെടുക്കുകയും പ്രസ്തുത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വളരെ കാലപ്പഴക്കം ചെന്നതും ജീർണ്ണാവസ്ഥയിലുള്ളതുമായ പോലീസ് സ്റ്റേഷൻ കെട്ടിടം പൊളിച്ച് മാറ്റുകയും ചെയ്തു. നിർദ്ദിഷ്ട സ്ഥലത്ത് മണ്ണ് പരിശോധന നടത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല. റിപ്പോർട്ട് ലഭ്യമായതിന് ശേഷം പൊതുമരാമത്ത് വകുപ്പ് അധികാരികൾ നിർദ്ദിഷ്ട പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ